# നാമജപത്തിന്റെ മഹത്ത്വവും ഗുണങ്ങളും

(Importance and Benefits of Chanting)

മലയാളം (Malayalam)


**ഗ്രന്ഥകർത്താവ്**

സച്ചിദാനന്ദ പരബ്രഹ്മ ഡോ. ജയന്ത് ബാലാജി ആഠവലെ

**സഹ-ഗ്രന്ഥകർത്താവ്**

പൂജനീയ സന്ദീപ് ഗജാനൻ ആൾശി



**സനാതന്റെ ഭാരതീയ ഭാഷകളിലുള്ള ഗ്രന്ഥങ്ങളുടെ എണ്ണം**

മറാഠി 340, ഇംഗ്ലീഷ് 201, ഹിന്ദി 199, കന്നഡ 199, ഗുജറാത്തി 68, തെലുങ്ക് 45, തമിഴ് 36, ബംഗാളി 29, മലയാളം 22, ഒഡിയ 22, പഞ്ജാബി 13, നേപ്പാളി 3, ആസാമി 2

**സെപ്റ്റംബർ** 2023 **വരെ** 362 **ഗ്രന്ഥങ്ങളുടെ**

13 **ഭാഷകളിൽ** 94.35 **ലക്ഷം പതിപ്പുകൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു** !

# അനുക്രമണിക

(പ്രധാന വിഷയങ്ങളുടെ മുമ്പിൽ '✻' ചിഹ്നം കൊടുത്തിട്ടുണ്ട്)


卐 **ഗ്രന്ഥത്തിന്റെ സമഹർത്താക്കൾ** **6**

卐 **ആധ്യാത്മിക പരിഭാഷയിലുള്ള അവതാരിത** **8**

卐 **ആമുഖം** **12**

---

**1. നാമസങ്കീർത്തനയോഗത്തിന്റെ വ്യാഖ്യാനം** **14**

**2. നാമസങ്കീർത്തനത്തിന്റെ സമാനാർഥ പദങ്ങൾ** **14**

**3. ജപം എന്ന പദത്തിന്റെ അർഥവും വിധങ്ങളും** **15**

**4. നാമജപത്തെകുറിച്ചുള്ള തെറ്റിദ്ധാരണകൾ** **15**

**5. നാമജപത്തിന്റെ സവിശേഷതകൾ** **16**

✻ അനാദിയും അനന്തവും 16

✻ നാമത്തിൽ നിന്നുമാണ് വേദങ്ങൾ ഉത്ഭവിച്ചിട്ടുള്ളത് 16

✻ വേദമന്ത്രങ്ങൾ ആരംഭിക്കുന്നത് ഓംകാരത്തിൽ നിന്നും, അതായത് 'നാമ'ത്തിൽ നിന്നുമാണ് 16

✻ വിശ്വാസമില്ലെങ്കിൽ പോലും പ്രയോജനം ലഭിക്കുന്നു 16

✻ നാമജപം ചെയ്യുന്നവനു മുന്നിൽ ഭഗവാനും കീഴടങ്ങുന്നു 17

✻ ഈശ്വര നാമം എന്നത് മാർഗവും ലക്ഷ്യവുമാണ് 18

**6. നാമജപ സാധനയിലെ തത്ത്വങ്ങൾ** **18**

✻ നാമജപം ചെയ്താൽ മായയോടുള്ള ആസക്തി കുറയും 18

✻ നാമമില്ലാത്ത ഒന്നിന്റെ നാമജപം ചെയ്യുന്നതിന്റെ ആവശ്യകത എന്താണ്? 18

**7. നാമജപത്തിന്റെ പ്രാധാന്യം** **19**

✻ ദേവീദേവന്മാർക്ക് നാമം (പേർ) ഉള്ളതിന്റെ മഹത്ത്വം 19


✻ ഈശ്വരന്റെ നാമം ഈശ്വരൻ ചെയ്യുന്ന അതേ ദൗത്യം ചെയ്യുന്നു 21

✻ ഈശ്വരനാമം ഈശ്വരന്റെ രൂപത്തേക്കാളും ശ്രേഷ്ഠമാണ് ! 21

| | | |
|---|---|---|
| ✻ | ഈശ്വരനോട് സ്നേഹം ഉണ്ടാകുന്നു | 23 |
| ✻ | ഏവർക്കും അനുയോജ്യമായ ആത്മീയ സാധന | 24 |
| ✻ | ജീവിതത്തിലെ അന്ത്യ നിമിഷവും നാമസ്മരണവും | 28 |
| **8.** | **നാമജപം കൊണ്ടുള്ള ഗുണങ്ങൾ** | **30** |
| ✻ | ശാരീരികമായ ഗുണങ്ങൾ | 31 |
| ✻ | മനഃശാസ്ത്രത്തിന്റെ കാഴ്ചപ്പാടിലൂടെയുള്ള ഗുണങ്ങൾ | 34 |
| ✻ | അധ്യാത്മശാസ്ത്രപ്രകാരമുള്ള ഗുണങ്ങൾ | 36 |
| ✻ | നാമജപം കാരണം സിദ്ധിപ്രാപ്തി ഉണ്ടാകുന്നു | 54 |
| ✻ | നാമജപം ചെയ്താൽ ആത്മീയ ഉയർച്ച വേഗത്തിലാകും | 55 |
| ✻ | അഹംഭാവം ഉണ്ടാവില്ല | 55 |
| ✻ | നാമത്തിലൂടെ സദ്ഗുരുപ്രാപ്തി ഉണ്ടാകുന്നു | 55 |
| ✻ | നാമം കാരണം അദ്വൈതം സാധ്യമാകുന്നു | 56 |
| ✻ | നാമജപം മരണാനന്തരവും ഗുണം ചെയ്യുന്നു | 56 |
| ✻ | നാമജപം കൊണ്ട് സമഷ്ടി നിലയിൽ ഉള്ള ഗുണങ്ങൾ | 57 |
| **9.** | **നാമജപവും മറ്റ് യോഗമാർഗങ്ങളുടെയും താരതമ്യ പഠനം** | **58** |
| ✻ | യോഗാസനങ്ങൾ, ത്രാടകം, പ്രാണായാമം, നാമജപം | 58 |
| ✻ | കർമയോഗവും നാമജപവും | 59 |
| ✻ | ഭക്തിയോഗവും നാമജപവും | 59 |
| ✻ | മന്ത്രജപവും നാമജപവും | 63 |
| ✻ | ധ്യാനവും നാമജപവും | 64 |
| ✻ | ജ്ഞാനയോഗവും നാമജപവും | 67 |
| ✻ | ഗുരുകൃപയോഗവും നാമസങ്കീർത്തനയോഗവും | 70 |
| ✻ | വിവിധ യോഗമാർഗങ്ങളും നാമജപവും | 76 |
| 卐 | **നാമജപം, ദേവതകൾ മുതലായവയെക്കുറിച്ച് ചില വിമർശനങ്ങളും അവയുടെ ഖണ്ഡനവും** | **82** |

## ഗ്രന്ഥത്തിന്റെ സമാഹർത്താക്കൾ

# പരാത്പര ഗുരു ഡോ. ജയന്ത് ആഠവ്‌ലെജീയുടെ അദ്വിതീയതയെ വെളിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ !



1. അന്താരാഷ്ട്ര പ്രശസ്തി നേടിയ ഹിപ്നോ തെറാപ്പിസ്റ്റ് (1978 മുതൽ 1995 വരെ)

2. അധ്യാത്മപ്രചരണത്തിനായി 'സനാതൻ സംസ്ഥ' എന്ന സംഘടന സ്ഥാപിച്ചു.

3. ഹിന്ദു രാഷ്ട്ര നിർമാണത്തിന്റെ (ഈശ്വര രാജ്യത്തിന്റെ)(കുറിപ്പ്) പ്രഖ്യാപനവും പ്രവർത്തനത്തിന്റെ ആരംഭവും (1998)

[കുറിപ്പ് : ഹിന്ദു രാഷ്ട്രം (ഈശ്വര രാജ്യം) – 'ഹീനാന് ഗുണാന് ദൂഷയതി ഇതി ഹിന്ദുഃ', അതായത് ഹീനമായ രജ-തമ ഗുണങ്ങളെ (ദുർ ഗുണങ്ങളെ) ഇല്ലാതാക്കുന്നതാരോ അവൻ ഹിന്ദുവാണ്. ഇങ്ങനെയുള്ള സാത്ത്വികമായ ജനങ്ങളുടെ രാജ്യമാണ് 'ഹിന്ദു രാഷ്ട്രം.']

4. ഗുരുകുലസമാനമായ ആശ്രമങ്ങളുടെ നിർമാണം !

5. 'ഗുരുകൃപായോഗം' എന്ന സാധനാമാർഗത്തിന്റെ ഉപജ്ഞാതാവ് ! : 3.9.2023 വരെ ഗുരുകൃപായോഗം അനുസരിച്ച് സാധന ചെയ്ത 125 സാധകർ സത്പുരുഷന്മാർ ആകുകയും 1046 സാധകർ ആ പാത പിൻതുടരുകയും ചെയ്യുന്നു !

6. ആചാരാനുഷ്ഠാനങ്ങൾ, ദേവീദേവന്മാർ, ആത്മീയ സാധന, മാതൃകാരാഷ്ട്ര നിർമാണം, ധർമ രക്ഷ എന്നീ വിഷയങ്ങളെക്കുറിച്ച് അനേകം ഗ്രന്ഥങ്ങളുടെ രചനയും പ്രസിദ്ധീകരണവും

7. ശാരീരികവും, മാനസികവുമായ അസുഖങ്ങൾക്കും, അനിഷ്ട ശക്തികൾ കാരണമുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്കുമുള്ള വിവിധ പ്രതിവിധികളെക്കുറിച്ച് ഗവേഷണം

8. പരാത്പര ഗുരു ഡോ. ആഠവ്‌ലെജീയുടെ ശരീരത്തിലും അദ്ദേഹം ഉപയോഗിക്കുന്ന വസ്തുക്കളിലുമുണ്ടാകുന്ന ദൈവീക മാറ്റങ്ങളെക്കുറിച്ചും അദ്ദേഹത്തിന്റെ മഹാമൃത്യു യോഗത്തെക്കുറിച്ചും ഗവേഷണവും പഠനവും !

9. ഹൈന്ദവ ധാർമിക വിധികളെക്കുറിച്ചും ബുദ്ധിക്കതീതമായ സംഭവങ്ങളെക്കുറിച്ചും വൈജ്ഞാനിക ഉപകരണങ്ങൾ ഉപയോഗിച്ച് നടത്തുന്ന ഗവേഷണം

10. സാത്ത്വികമായ രീതിയിൽ കലകൾ എങ്ങനെ അവതരിപ്പിക്കാം എന്നതിനെക്കുറിച്ചുള്ള ഗവേഷണം !

11. ആധ്യാത്മിക സംഭരണകേന്ദ്രത്തിനുവേണ്ടി ആധ്യാത്മികമായ വസ്തുക്കൾ ശേഖരിക്കുകയും സൂക്ഷിച്ചു വയ്ക്കുകയും ചെയ്യുക

12. ദൈവീക ഗുണങ്ങളുള്ള (സാത്ത്വികരായ) കുട്ടികളെ തിരിച്ചറിയുകയും അതിനോടനുബന്ധിച്ചുള്ള ഗവേഷണങ്ങളും

13. ജ്യോതിഷശാസ്ത്രം, നാഡിജ്യോതിഷം ഇവയിലൂടെ ഗവേഷണങ്ങൾ

14. 'സനാതൻ പ്രഭാത്' മുഖേന പത്രപ്രവർത്തനം

**(സമ്പൂർണ പരിചയത്തിന് :**

**സനാതൻ സംസ്ഥയുടെ വെബ്സൈറ്റ് 'www.Sanatan.org')**

---



### പൂജനീയ സന്ദീപ് ഗജാനൻ ആൽശി

സനാതൻ സംസ്ഥയുടെ ഗ്രന്ഥങ്ങൾക്കായി വിഷയം സമാഹരണം ചെയ്ത് പൂർണമാക്കുന്നത് പൂജനീയ സന്ദീപ് ആൽശിജിയാണ്. രാഷ്ട്ര-ധർമ ജാഗൃതി, ധർമപ്രചരണം മുതലായ ധർമ കാര്യങ്ങൾക്കായി ഉപയോഗിക്കുന്ന പ്രചരണ വസ്തുക്കൾക്കായി (ഉദാ. ലഘുലേഖ, പഞ്ചാംഗം മുതലായവ) വിഷയം തയ്യാറാക്കുന്നതും ഇദ്ദേഹമാണ്. ഇതു കൂടാതെ ഇദ്ദേഹം സനാതൻ പ്രഭാത് എന്ന പ്രസിദ്ധികരണത്തിൽ രാഷ്ട്ര-ധർമ വിഷയത്തിൽ ബോധവൽക്കരണം നടത്തുന്നതിനായി അനേകം ലേഖനങ്ങൾ എഴുതുന്നു.

# ആമുഖം

ഞങ്ങളുടെ ഗുരുവായ പരമ പൂജനീയ ഭക്തരാജ് മഹാരാജ് അദ്ദേഹത്തിന്റെ ഭജനകളിലൂടെ ഭഗവദ് നാമജപത്തിന്റെ പ്രാധാന്യം വിവിധ രീതിയിൽ വിശദീകരിച്ചിട്ടുണ്ട്. ജഗദ്ഗുരു ആദി ശങ്കരാ ചാര്യർ, പൂന്താനം, സന്ത് തുക്കാറാം, സന്ത് കബീർദാസ് മുത ലായ അനേകം സത്പുരുഷന്മാരും നാമജപത്തിന്റെ മഹിമ വർണിച്ചിട്ടുണ്ട്. ഭഗവാന്റെ നാമജപമാകുന്ന ചെറിയ ഒരു തോണി യുടെ സഹായത്താൽ എങ്ങനെയാണ് ഒരാൾക്ക് വിശാലമായ ഈ മായാസാഗരത്തെ മറികടന്ന് ഈശ്വര സാക്ഷാത്കാരം നേടാൻ സാധിക്കുക, എന്ന് പലരും ചിന്തിക്കുന്നു. നാമജപ സാധന ചെയ്യാതെ നമുക്ക് ഈശ്വരന്റെ അനുഭൂതി ലഭിക്കുകയില്ല; എന്നാൽ ഈ ആശയം സ്പഷ്ടമാകാത്തതിനാൽ നാം നാമജപ സാധന തുടങ്ങുവാനും മടിക്കുന്നു. ഈയൊരു ആശയക്കുഴപ്പത്താൽ പലരും നാമജപം ചെയ്തു നോക്കാതെ തന്നെ 'നാമജപം വ്യർഥ മാണ് എന്ന് തീരുമാനിക്കുന്നു.

ഞങ്ങൾ ഈ ആത്മീയ ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുള്ളത് നാമജപവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങളും ദൂരീകരിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ്. ഇതിൽ ഭഗവാന്റെ നാമജപ ത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടുന്ന നിരവധി വസ്തുതകൾ വിശദീകരിച്ചിട്ടുണ്ട്. വേദങ്ങൾ ഉൾപ്പെടേ അമൂല്യമായ അനേകം ഗ്രന്ഥങ്ങളിലും പറയുന്നു, സദാചാരികളുടെയും പാപികളുടെയും ഉദ്ധരണം ചെയ്യുന്നതാണ് ഈശ്വര നാമം എന്ന്. ഏതൊരു സാധനയുടെ പൂർണതയ്ക്കും, ജനന മരണ ചക്രത്തിൽ നിന്ന് മുക്തി നേടുന്നതിനും ഈശ്വരനാമം ആവശ്യമാണ്. ഈ അധ്യാത്മ ഗ്രന്ഥം വായിച്ചതിനുശേഷം ഈശ്വര നാമത്തിൽ ഉള്ള വിശ്വാസം തീർച്ചയായും വർധിക്കും.

നാമജപം, ശാരീരികവും മാനസികവുമായ അസ്വസ്ഥതകൾ ലഘൂകരിക്കുന്നു, ഏകാഗ്രത വർധിപ്പിക്കുന്നു, ദുഃഖം അകറ്റുന്നു, പാപങ്ങളെ ഇല്ലാതാക്കുന്നു. മരണശേഷവും ഇത് ഉപയോഗ പ്രദമാണ്. ഇപ്രകാരം നാമജപത്തിന്റെ വിവിധ തലത്തിലുള്ള പല പ്രയോജനങ്ങളെക്കുറിച്ചും ഈ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്.

卐 —— 卐

നിരവധി സാധനാമാർഗങ്ങളുണ്ട്, അതായത് കർമയോഗം, ഭക്തിയോഗം, ജ്ഞാനയോഗം, ധ്യാനയോഗം. ഈശ്വര സാന്നിദ്ധ്യം നിരന്തരം നിലനിർത്താൻ സഹായിക്കുന്ന വളരെ ലളിതവും, സ്ഥലത്തിന്റെയും സമയത്തിന്റെയും നിബന്ധനകളൊന്നും ഇല്ലാത്ത തുമായ നാമജപയോഗ മാർഗം, ഭൗതീക ജീവിതം നയിക്കുന്ന വർക്കും എങ്ങനെ സ്വായത്തമാക്കാം എന്ന് ഈ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. അതിനാൽ, നിർവിഘ്നമായ ആത്മീയ സാധനയ്ക്കുള്ള ഒരേയൊരു മാർഗമാണ് നാമജപം. നാം എല്ലാ വരും നാമജപത്തിന്റെ പാത എന്തുകൊണ്ട് പിന്തുടരണം എന്നതിന്റെ പ്രാധാന്യം മുകളിൽ പറഞ്ഞ കാര്യങ്ങളിൽ നിന്നും നമുക്ക് മനസ്സിലാക്കാവുന്നതാണ്. ഈ ഗ്രന്ഥത്തിൽ വിശദീ കരിച്ചിരിക്കുന്നതു പോലെ ഓരോ വായനക്കാരനും നാമജപ സാധനയുടെ പ്രാധാന്യം മനസ്സിലാക്കുവാനും നാമജപം തുടങ്ങുവാനും പ്രചോദനം ലഭിക്കട്ടെ, എന്ന് ഞങ്ങൾ ശ്രീഗുരുവിന്റെ തൃപ്പാദങ്ങളിൽ പ്രാർഥിക്കുന്നു. - **സമാഹർത്താവ്**

('അധ്യാത്മശാസ്ത്രം' എന്ന ഗ്രന്ഥങ്ങളുടെ ശ്രേണിയുടെ സമഗ്ര മായ ആമുഖം 'ധർമം' എന്ന ഗ്രന്ഥത്തിൽ കൊടുത്തിട്ടുണ്ട്.)

卐 —— 卐

**കുറിപ്പ്** 1. ആധ്യാത്മിക നില : ഓരോ വ്യക്തിയിലും സത്ത്വ, രജ, തമോ ഗുണങ്ങൾ ഉണ്ടായിരിക്കും. സാധന ചെയ്യുമ്പോൾ ക്രമേണ രജ-തമോ ഗുണം കുറഞ്ഞ് സത്ത്വഗുണം വർധിക്കുന്നു. സത്ത്വഗുണം എത്ര അധികമാണോ അത്രയും അധികമായിരിക്കും ആധ്യാത്മിക നില. സാധാരണയായി കലിയുഗത്തിലെ മനുഷ്യന്റെ നില 20% ആയിരിക്കും എന്നാൽ മോക്ഷപ്രാപ്തി ഉണ്ടായിട്ടുള്ള വ്യക്തിയുടെ നില 100% ആയിരിക്കും. ആ സ്ഥിതിയിൽ വ്യക്തി ത്രിഗുണാതീതവുമായിരിക്കും.

2. ഈ ഗ്രന്ഥത്തിൽ മറ്റു ചില ഗ്രന്ഥങ്ങളിലെ ചില വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അത്തരം സന്ദർഭഗ്രന്ഥങ്ങളെക്കുറിച്ചുള്ള വിവരം ഈ ഗ്രന്ഥത്തിന്റെ അവസാനം കൊടുത്തിട്ടുണ്ട്. വിഷയങ്ങളുടെ മുന്നിൽ സന്ദർഭക്രമം കോഷ്ഠകത്തിൽ എഴുതിയിട്ടുണ്ട്.

3. ഗ്രന്ഥത്തിൽ 'പരമ പൂജനീയ ഡോക്ടർ', 'ഡോ. ആഠവലെ' എന്ന് എഴുതിയിട്ടുള്ളത് 'സച്ചിദാനന്ദ പരബ്രഹ്മ ഡോ. ജയന്ത് ആഠവലെ' അവർകളെ ഉദ്ദേശിച്ചുകൊണ്ടാണ്.